ഉത്തരം

(എ) ഇല്ല.

(ബി) ഈ മേഖലയിൽ ബാംബു കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 52,920 തൊഴിലാളികളും ഉൾപ്പെടെ 152,920 (ഒരു ലക്ഷത്തി അൻപത്തിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്) തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ടാക്സി-ടെംപോ-ട്രക്കർ-ആട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമനിധി

46. [1827] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാക്സി-ടെംപോ-ട്രക്കർ-ആട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടാക്സി-ടെംപോ-ട്രക്കർ എന്നീ വാഹനങ്ങളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് നിലവിലുള്ള മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഓട്ടോറിക്ഷാ തൊഴിലാളികൾക്കുവേണ്ടി പ്രത്യേകം ക്ഷേമപദ്ധതി നിലവിലുണ്ട്. ടാക്സി-ടെംപോ-ട്രക്കർ തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധി ഏർപ്പെടുത്തണമെന്ന നിവേദനം ലഭിച്ചതായി കാണുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡ് നിയമത്തിന് ഭേദഗതി

47. [1828] ശ്രീ. ഒ. ഭരതൻ :
,, എ. കണാരൻ :
,, സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ആക്ടിൽ ഭേദഗതി വരുത്താൻ ക്ഷേമനിധി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ;

(ബി) ഏതെല്ലാം ശുപാർശകളാണ് ഗവൺമെന്റിന്റെ മുൻപാകെ സമർപ്പിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കണമെന്ന വ്യവസ്ഥ നീക്കം ചെയ്യാനും ക്ഷേമനിധിയിലേക്ക് അംഗങ്ങൾ അടയ്ക്കേണ്ട അംശാദായം വർദ്ധിപ്പിക്കാനും ബോർഡ് ശുപാർശ ചെയ്തിരുന്നോ ;

(ഡി) സർക്കാർ പ്രസ്തുത ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) ബോർഡിലെ തൊഴിലാളി പ്രാതിനിധ്യം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ബോർഡിന്റെ ജീവനക്കാരുടെ ശമ്പളം, മെമ്പേഴ്സിന്റെ അലവൻസ്, യാത്രാബത്ത തുടങ്ങിയ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് നിധിയിൽ നിന്ന് 1994-95, 1995-96 എന്നീ വർഷങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ–ഡി) ഉണ്ട്. അംഗങ്ങളുടെ അംശദായം ഇപ്പോഴുള്ളതിൽ നിന്നും വർദ്ധിപ്പിക്കാനും ആക്ടിൽ നിധിയിലെ അംഗങ്ങൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് അനുവാദം നൽകുന്ന 14-ാം വകുപ്പിലെ 2-ാം ഉപവകുപ്പ് നീക്കം ചെയ്യുവാനുമാണ് ബോർഡ് ശുപാർശ ചെയ്തത്. ഈ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടില്ല.

(ഇ) അഞ്ച് പ്രതിനിധികൾ.

(എഫ്) 1994-95 27,61,906 രൂപ
1995-96 32,21,449 രൂപ.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

48. [1829] ശ്രീ. ടി. ശിവദാസമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള ബോർഡ് നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ എന്നാണ് നിലവിൽ വന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ബോർഡിൽ എത്ര തൊഴിലാളി പ്രതിനിധികളുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) തയ്യൽ തൊഴിലാളി ആക്ട് നിലവിൽ വരുന്നതിനുമുമ്പ് പ്രസ്തുത തൊഴിലാളികൾക്ക് അംഗത്വം നൽകിയിരുന്നത് ഏതു ക്ഷേമനിധിയിലായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ട് നിലവിൽ വന്ന തീയതിയിൽ എത്ര തയ്യൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) തയ്യൽ തൊഴിലാളി ക്ഷേമനിധി നിലവിൽ വന്നതിനുശേഷം നാളിതുവരെ എത്ര തൊഴിലാളികൾ പുതിയതായി രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(എഫ്) 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്ട്രേഷൻ നൽകിയിരുന്ന എല്ലാ തയ്യൽ തൊഴിലാളികളേയും തയ്യൽ തൊഴിലാളി ക്ഷേമപദ്ധതിയിലേക്ക് മാറ്റിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly